(ബി) ഇതിനായി സഹകരണ സംഘങ്ങൾക്ക് സബ്സിഡിയറിയായി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സംഘങ്ങൾ തമ്മിലുള്ള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി മേൽ പരാമർശിച്ച പ്രകാരം 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം ഇതിലേയ്ക്കുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഡി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയറിയായി സ്ഥാപനങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും കഴിയും. രാജ്യത്തെ ബാങ്കിംഗ് നിയമം വിവക്ഷിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾക്ക് മേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾ പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീം

80 (4071) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്കീമിൽ അംഗത്വമെടുക്കാൻ എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കുകളെ സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമാണ് നിലവിലുള്ളത്. പ്രവർത്തനം മന്ദീഭവിച്ചതോ ലിക്വിഡേഷൻ നടപടികളിലോ ഉൾപ്പെട്ടതല്ലാത്തതും റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്തതുമായ എല്ലാത്തരം സഹകരണ ബാങ്കുകൾക്കും/സംഘങ്ങൾക്കും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ചേരാൻ അർഹതയുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പ സഹകരണ സംഘങ്ങളിൽ എല്ലാപേരും സ്കീമിൽ അംഗമായി ചേർന്നിട്ടില്ല. 2257 വായ്പാ സഹകരണ സംഘങ്ങളെ സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്തതിൽ 1761 സംഘങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ബാക്കിയുള്ള സഹകരണ സംഘങ്ങളെ അംഗമായി ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പ സഹകരണ സംഘങ്ങളിൽ 496 സഹകരണ സംഘങ്ങൾ ഇനി പദ്ധതിയിൽ ചേരാനുണ്ട്.

(ഡി) ഇവരെ സ്കീമിൽ അംഗമാക്കാൻ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡും സഹകരണ വകുപ്പും സംയുക്തമായി ജില്ലാതല യോഗങ്ങൾ വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിലെ പലിശനിരക്ക്

81 (4072) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്; വിശദമാക്കാമോ ;

(ഡി) ഏത് തിയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്നു വ്യക്തമാക്കുമോ?